₹ 5/-

# റിയൽ ലൈഫ് വോയ്സ്

## REAL LIFE VOICE

Monthly

Volume 13
Issue 6

**December 2024**

pages 24

‘‘നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്ക് പെട്ടെന്ന് കെണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. അത് സർവഭൂതലത്തിലും വസിക്കുന്ന ഏവർക്കും വരും.

**(ലൂക്കൊസ് 21:34,35)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 13 Issue 6 December 2024 pages 24 Rs.5/**

**Email:**
reallifekottekad@gmail.com

**Website:**
www.reallifevoice.in


*Real Life Voice is a Christian magazine*
*dedicated to studying the Word of God and analysing current events*


**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


**Book No. 156**

## ഉള്ളടക്കം


പേജ്

- **പൗലൊസ് കണ്ട കുടുംബശത്രു** 3
- **പ്രതികരണങ്ങൾ** 6
- **ആസ്യയിലെ ഏഴ് സഭകൾ** (10) 8
- **കെ. വി. ഐസക്ക്** (അഭിമുഖം)(9) 11
- **യോനാ** (പുസ്തകപഠനം) (7) 15
- **കൂടപ്പിറപ്പിൻ ചതി** (കവിത) 18
- **ബൈനോക്കുലർ** (27) 19
- **ഓരോരോ ജന്മങ്ങള്** (18) 21
- **ആനകളും 3 മീറ്റർ അകലവും** 24


**ഈ മാസികയുടെ ലക്ഷ്യം:**
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# പൗലൊസ് കണ്ട കുടുംബശത്രു!

കേരളത്തിലെ കുടുംബകോടതികൾക്ക് വിശ്രമമില്ല. ആഘോഷത്തോടെയും ആർഭാടത്തോടെയും നടത്തപ്പെടുന്ന വിവാഹങ്ങൾക്ക് പലതിനും അല്പായുസ്സ് മാത്രം. വിവാഹം ഉറപ്പിച്ച നാൾ മുതൽ ചെറുക്കനും പെണ്ണും കാണിച്ചുകൂട്ടുന്ന കാര്യങ്ങൾ കണ്ടാൽ തോന്നും, ഇവർ നല്ല രീതിയിൽ കുടുംബജീവിതം നയിക്കുമെന്ന്. പക്ഷേ അതെല്ലാം വെറും ഷോ ആയിരുന്നു എന്നു പലരും പിന്നീട് തെളിയിക്കുന്നു. ദൈവം അവതരിപ്പിച്ച കുടുംബജീവിതത്തെ തല്ലിത്തകർത്തുകൊണ്ട് പിശാച് നടത്തുന്ന തേരോട്ടം!

**കാരണങ്ങൾ**

കുടുംബജീവിതങ്ങൾ തകരുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്? മദ്യപാനം, ദ്രവ്യാഗ്രഹം, സാമ്പത്തിക അച്ചടക്കമില്ലായ്മ, പരസ്പരം വിശ്വാസമില്ലാത്തത്, മൊബൈൽഫോണിന്റെ ദുരുപയോഗം, സ്വന്തം സ്നേഹക്കുറവ്, നല്ലോണം സ്നേഹമുണ്ടെങ്കിലും അത് പ്രകടിപ്പിക്കുന്നതിൽ വരുന്ന പരാജയം, തുണയോടൊപ്പം ചെലവഴിക്കാൻ സമയം വിനിയോഗിക്കാത്തത്, ഭാര്യയെ വേലക്കാരിയെപ്പോലെ കാണുന്നത്... എന്നു തുടങ്ങി വിവാഹജീവിതത്തെ തകർത്തുകളയുന്ന പല ഘടകങ്ങളുണ്ട്.

പലരും തികച്ചും ലാഘവത്തോടെയാണ് കുടുംബജീവിതത്തെ കാണുന്നത് എന്ന കാര്യം എന്നെ അതിശയിപ്പിക്കുന്നു. പൊട്ടിപ്പോകാൻ സാധ്യതയുള്ള സാധനങ്ങൾ നാം വളരെ സൂക്ഷ്മതയോടെയാണ് കൈകാര്യം ചെയ്യാറുള്ളത്. അവയ്ക്ക് വില കൂടുതലാണെങ്കിൽ നാം കൂടുതൽ സൂക്ഷ്മത കാണിക്കും. എന്നാൽ കുടുംബജീവിതത്തിന്റെ കാര്യത്തിൽ ഈ സൂക്ഷ്മത പലരും കാണിക്കുന്നില്ല. കുടുംബജീവിതത്തിന്റെ യഥാർത്ഥ മൂല്യം തിരിച്ചറിയാത്തതുകൊണ്ടാണത്.

**പൗലൊസിന് പറയാനുള്ളത്**

കുടുംബജീവിതം തകർക്കുന്ന കാരണങ്ങളെക്കുറിച്ച് ചിന്തിച്ചപ്പോൾ പൗലൊസിന്റെ ശ്രദ്ധയിൽ പെട്ടത് മറ്റൊന്നാണ്. രണ്ടായിരത്തിൽപ്പരം വർഷങ്ങൾക്ക് മുമ്പ് തന്നെ പൗലൊസിനെപ്പോലുള്ളവർ അക്കാര്യം തിരിച്ച

റിഞ്ഞു. തീത്തൊാസ് 2:3–5 ൽ അത് രേഖപ്പെടുത്തുകയും ചെയ്തു. അതി പ്രകാരമാണ്:

> വൃദ്ധമാരും അങ്ങനെതന്നെ നടപ്പിൽ പവിത്രയോഗ്യമാരും ഏഷണി പറയാത്തവരും വീഞ്ഞിന് അടിമപ്പെടാത്തവരുമായിരിക്കേണം എന്നും ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിന് യൗവനക്കാരത്തികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും സുബോധവും പാതിവ്രത്യവുമുള്ളവരും വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്ക് കീഴ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിന് നന്മ ഉപദേശിക്കുന്നവരായിരിക്കേണം എന്നും പ്രബോധിപ്പിക്ക

മുതിർന്ന സ്ത്രീകൾ (elder women - Darby's translation), അവരിലേക്കാണ് പൗലൊസ് തന്റെ വിരൽ ചൂണ്ടുന്നത്. തൊട്ടുമുമ്പത്തെ വാക്യത്തിൽ മുതിർന്ന പുരുഷന്മാർക്കുള്ള (വൃദ്ധന്മാർക്കുള്ള) നിർദ്ദേശമുണ്ട്. അവരോട് പറയാത്ത കാര്യമാണ് പൗലൊസ് മുതിർന്ന സ്ത്രീകളോട് പറഞ്ഞിരിക്കുന്നത്. മുതിർന്ന സ്ത്രീകൾ കുടുംബജീവിതം കലക്കാൻ സാദ്ധ്യതയുള്ളതുകൊണ്ടാണ് പൗലൊസ് പ്രത്യേകമായി ഇപ്രകാരമെഴുതിയത്.

**ആരൊക്കെയാണ് ഈ മുതിർന്ന സ്ത്രീകൾ?**

**(1) ഇരുവശത്തുമുള്ള അമ്മമാർ:** അതായത് ഭാര്യാഭർത്താക്കന്മാരുടെ അമ്മമാർ ഈ ഗണത്തിൽ പെടുന്നവരാണ്. ജോസഫും മേരിയും കൂടി കല്യാണം കഴിച്ചാൽ ജോസഫിന്റെ അമ്മ ജോസഫിന്റെ കാതിലും മേരിയുടെ അമ്മ മേരിയുടെ കാതിലും കുടുംബം തകർക്കുന്ന രീതിയിലുള്ള കാര്യങ്ങൾ മന്ത്രിക്കാതെ, രണ്ട് അമ്മമാരും മേരിയുടെ അടുത്ത് നന്മ ഉപദേശിക്കണമെന്നും അതിന്റെ ഫലമായി മേരി ഭർത്താവിനോട് പ്രിയമുള്ളവളും ഭർത്താവിന് കീഴ്പ്പെടുന്നവളും ആയി എന്നും കാണപ്പെടും എന്നാണ് പൗലൊസ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്.

തകർന്നുവീഴുന്ന മിക്ക കുടുംബജീവിതങ്ങളുടെ കാര്യമെടുത്താലും മേല്പറഞ്ഞ രണ്ട് അമ്മമാർക്ക് പങ്കുള്ളതായി പലപ്പോഴും കാണാൻ കഴിയും. ഒരു ഭർത്താവ് തന്റെ ഭാര്യയെക്കുറിച്ച് പറഞ്ഞത് ഇപ്രകാരമാണ്: അവൾ മാലാഖയാണ്. പക്ഷേ അവളുടെ വീട്ടിൽ പോയി വന്നാൽ പിന്നെ ചെകുത്താനാണ്. അവളുടെ അമ്മയുടെ ഉപദേശത്തിന്റെ ഫലം! എല്ലാ അമ്മമാരും ഈ ഗണത്തിൽ പെടുന്നവരല്ല. സ്വന്തം മകന്റെ/ മകളുടെ കുടുംബജീവിതം നല്ല രീതിയിലാകണമെന്ന് ആഗ്രഹിച്ച്, പരസ്പരം വിട്ടുവീഴ്ച ചെയ്യാനും സ്നേഹിക്കാനും പ്രബോധിപ്പിക്കുന്ന നല്ല അമ്മമാരുണ്ട്.

**(2) ഇരുവശത്തുമുള്ള ബന്ധുക്കൾ:** ബന്ധുക്കളായി വരുന്ന മുതിർന്ന സ്ത്രീകൾ പലപ്പോഴും വിവേകം കാണിക്കാറില്ല. വിവരങ്ങളെല്ലാം കിള്ളി കിള്ളി ചോദിച്ചറിഞ്ഞ്, പറ്റുന്ന രീതിയിലൊക്കെ വിഷം കുത്തിവച്ച്, അവറ്റകൾ പോകും. തുടർന്ന് കുടുംബവഴക്ക് ആരംഭിക്കും. കുടുംബജീവിതം നന്നാകണം എന്ന ലക്ഷ്യത്തോടെ ഉപദേശിക്കാൻ ഇക്കൂട്ടത്തിലുള്ള പലർക്കും കഴിയാറില്ല.

**(3) അയൽക്കാർ:** മതിലിന് ഇരുപുറത്തും നിന്നുകൊണ്ടുള്ള ലോഹ്യം പറച്ചിൽ ചെന്നവസാനിക്കുന്നത് കുടുംബവഴക്കിലായിരിക്കും. എന്റെ കല്യാണം കഴിഞ്ഞതിനുശേഷമാണ് ഞാൻ എന്റെ ആദ്യത്തെ പോസ്റ്റ് ഗ്രാജ്വേഷൻ ബിരുദം എടുത്തത്. പിന്നീട് രണ്ടാമത്തെ പോസ്റ്റ് ഗ്രാജ്വേഷൻ ബിരുദത്തിനുവേണ്ടി പേര് രജിസ്റ്റർ ചെയ്തപ്പോൾ, അക്കാര്യം എന്റെ ഭാര്യ അയൽപക്കത്തെ മുതിർന്ന സ്ത്രീയോട് പങ്കുവച്ചു. ഉടനെ അവർ വിഷമത്തോടെ ചോദിച്ചു: "അവൻ ഇങ്ങനെ പഠിച്ച് പഠിച്ച്, അവസാനം നിനക്ക് പഠിപ്പ് പോരാ എന്നു പറഞ്ഞ് നിന്നെ ഉപേക്ഷിക്കുമോ?"

അന്ന് എന്റെ ഭാര്യ എന്നോട് അക്കാര്യം ചോദിച്ചു. അയൽക്കാരത്തിയായ മുതിർന്ന സ്ത്രീ പറഞ്ഞതാണ് എന്നവൾ വെളിപ്പെടുത്തി. പാരകൾ ഏതൊക്കെ വഴിക്കാണ് വരുന്നത്? ഇന്നെനിക്ക് അഞ്ച് പോസ്റ്റ് ഗ്രാജ്വേഷൻ ബിരുദങ്ങളും ഒരു പിഎച്ച്ഡിയുമുണ്ട്. കഴിഞ്ഞ 26 വർഷങ്ങളായി ഞങ്ങളൊരുമിച്ച് കഴിയുന്നു. അയൽക്കാരത്തിയുടെ ആശങ്ക വെറുതെയായി.

**(4) സഭയിലുള്ളവർ:** സഭയിലുള്ള മുതിർന്ന സ്ത്രീകളാണ് പൗലൊസിന്റെ ഉപദേശം ഏറെ ശ്രദ്ധിക്കേണ്ടത്. കാരണം സഭയിലുള്ള മുതിർന്ന സ്ത്രീകളെ ഉദ്ദേശിച്ചാണ് പൗലൊസ് ഇതെഴുതിയിരിക്കുന്നത്. സഭയിലുള്ള മുതിർന്ന സ്ത്രീകൾ യൗവനക്കാരത്തികളുടെ അടുത്ത് ചെന്ന് മനഃപൂർവ്വം അല്പസമയം ചെലവഴിക്കുകയും അവർക്ക് നന്മ ഉപദേശിക്കുകയും വേണം. തത്ഫലമായി അവർ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും വീട്ടുകാര്യം നോക്കുന്നവരും ഭർത്താക്കന്മാർക്ക് കീഴ്പെടുന്നവരും ആയി കാണപ്പെടും. ദൈവസഭകളിലുള്ള മുതിർന്ന സഹോദരിമാരേ, ഇതൊരു ശുശ്രൂഷയാണെന്ന് ദയവായി മനസ്സിലാക്കുക. ആ ശുശ്രൂഷ നിങ്ങൾക്ക് മാത്രമേ ചെയ്യാൻ കഴിയൂ എന്നും മനസ്സിലാക്കുക.

കുടുംബങ്ങൾ സമൂഹത്തിന്റെ അടിസ്ഥാനഘടകമാണ്. അത് തകരപ്പെടാൻ നാം അനുവദിച്ചുകൂടാ. കുടുംബങ്ങൾ എന്നും ഭദ്രമായിരിക്കട്ടെ. തകർന്ന കുടുംബങ്ങളിൽ വളരുന്ന മക്കൾ സമൂഹത്തിന് തലവേദനയായി മാറാനാണ് കൂടുതൽ സാധ്യതയുള്ളത്. പ്രിയരേ, നിങ്ങളുടെ കുടുംബജീവിതം ഭദ്രമായിരിക്കാൻ ശ്രദ്ധിക്കുക. പ്രാർത്ഥിക്കുക.

**എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Elsykutty Joy, Thengamam, Pathanamthitta

റിയൽ ലൈഫ് വോയ്സ് ഞങ്ങൾക്ക് ലഭിക്കുന്നുണ്ട്. എല്ലാ പംക്തികളും വായിക്കുന്നു. സന്തോഷിക്കുന്നു. ധ്യാനാത്മകവും ചിന്താർഹവുമായ ലേഖനങ്ങൾ തുടർന്നും എഴുതുവാൻ കർത്താവ് ബലപ്പെടുത്തട്ടെ. അപകടവാർത്ത വായിച്ചു. ദുഃഖമുണ്ടെങ്കിലും കർത്താവിന്റെ നാമം മഹത്വപ്പെടുത്താൻ കർത്താവ് തുടർന്നും താങ്കളെ ബലപ്പെടുത്തട്ടെ. ഞങ്ങളുടെ മകനും തിരുവനന്തപുരത്ത് വച്ച് ഒരു ബൈക്ക്അപകടമുണ്ടായി. കാലിൽ പ്ലെയ്റ്റ് വച്ചിരിക്കയാണ്. 15 വർഷമായി. കർത്താവ് ഇന്നും അതിശയകരമായി നടത്തുന്നു. പ്രാർത്ഥനയിൽ അന്യോന്യം ഓർക്കാം.

## M Ravindran, Kattilapoovam, Thrissur

നവംബർമാസത്തിലെ മാസികയിൽ ഓണത്തോടുള്ള ബന്ധത്തിൽ എഴുതിയ കാര്യങ്ങൾ നന്നായിട്ടുണ്ട്. എന്നാൽ വെളിപ്പാട് 7 ൽ ദാൻഗോത്രത്തെ കാണുന്നില്ല എന്നതിന് മറുപടിയായി പറഞ്ഞ മൂന്നു വിശദീകരണങ്ങളും തൃപ്തികരമായി തോന്നിയില്ല. പുറമെയുള്ള ഒരാളെ അതെല്ലാം പറഞ്ഞ് ബോധ്യപ്പെടുത്തുക പ്രയാസമാണ്. തർജ്ജമക്കാർക്ക് തെറ്റ് പറ്റിയതാണെന്നു പറഞ്ഞാൽ, ഇതുപോലെ എത്ര തെറ്റുകൾ അവർ വരുത്തിയിരിക്കാം എന്ന ചോദ്യം വരും.

മാന്യവായനക്കാരുടെ പ്രതികരണങ്ങളെ ഞങ്ങൾ അങ്ങേയറ്റം വിലമതിക്കുന്നു. അതുകൊണ്ടുതന്നെ ആ പ്രതികരണങ്ങൾക്കായി ഞങ്ങൾ കാതോർക്കുന്നു. ഞങ്ങളുടെ വായനക്കാർ ഈ മാസികയിലെ വിഭവങ്ങളെ എങ്ങനെ നോക്കിക്കാണുന്നുവെന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിയുന്നത് വായനക്കാരുടെ പ്രതികരണങ്ങളിൽ നിന്നാണ്. അതുകൊണ്ട് പ്രതികരണങ്ങൾ അറിയിക്കുക. വായനക്കാരുടെ പ്രതികരണങ്ങൾ മാസികയിൽ പ്രസിദ്ധീകരിക്കുവാൻ പരമാവധി ശ്രമിക്കുന്നതാണ്. (എഡിറ്റർ)

## കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ

| Address | Reason |
|---|---|
| T. M. Thomaskutty, Chengannur, Alappuzha | Left |
| Johnson, Padayattil, Vadakkekara | Left |
| Thomas Palathra, Nedungattumal, Calicut | Left |
| Pr. Varghese Abraham, Varappuzha | Left |
| Varghese E V, Angamaly, Ernakulam | Deceased |
| KunjuKunju P V, Angamaly, Ernakulam | Deceased |
| Varkey V C, Angamaly, Ernakulam | Deceased |
| Samuel K J, Karingattil, Aluva | Deceased |
| Johny Poulose, Pynadath, Karukutty | Deceased |
| K C Varghese, Thirumoolapuram, Thiruvalla | Deceased |
| Philip John, Puliyoor, Alappuzha | Deceased |
| Poulose, Kodenchery, Kozhikode | Deceased |
| Joy Vayalil, Parumpatta, Kasargode | Not known |
| Abraham P M, Cherupuzha, Kannur | *no reason given* |
| Joseph C S, Chullikkal, Kochi | *no reason given* |

**അഡ്രസ് ലിസ്റ്റിൽനിന്ന് മുകളിൽപ്പറഞ്ഞ അഡ്രസ്സുകൾ നീക്കം ചെയ്തിട്ടുണ്ട്.**

## റിയൽ ലൈഫ് വോയ്സ്: ലക്ഷ്യവും നയവും

**ലക്ഷ്യം** : സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായ പ്രകടനവും വചനപഠനവും.

**നയം** : ഞങ്ങൾക്ക് ശരിയെന്നു തോന്നുന്നത് ഞങ്ങൾ എഴുതുന്നു. വായനക്കാർക്ക് അവ പരിശോധിച്ച്, യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. ഞങ്ങൾക്ക് വായനക്കാരുമായുള്ള സ്നേഹബന്ധവും അടുപ്പവും മാസികയിലെ ലേഖനങ്ങളിലെ ആശയങ്ങളുമായി കൂട്ടിക്കുഴയ്ക്കരുത്. സ്നേഹബന്ധം വേറെ; ലേഖനങ്ങളിലെ ആശയങ്ങൾ വേറെ! ലേഖനങ്ങളിലെ ആശയങ്ങളോട് നിങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിൽ പോലും, സ്നേഹബന്ധം നിലനിൽക്കണം. അതാണ് ഞങ്ങളുടെ ആഗ്രഹം. **(എഡിറ്റർ)**

# ആസ്യയിലെ ഏഴ് സഭകൾ

10

വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

### എഫെസൊസ് സഭയ്ക്കുള്ള സന്ദേശം (വെളി. 2:1–7)

ഓരോ സഭയ്ക്കും കർത്താവ് സ്വയം പരിചയപ്പെടുത്തുന്നത് വ്യത്യ സ്തമായ വിധത്തിലാണ്. ആസ്യയിലെ ഏഴ് സഭകളിൽ ആദ്യത്തേതായ എഫെസൊസ്സഭയ്ക്ക് കർത്താവ് പരിചയപ്പെടുത്തുന്നത് ഇപ്രകാരമാണ്:

*ഏഴ് നക്ഷത്രം വലംകൈയിൽ പിടിച്ചുംകൊണ്ട് ഏഴ് പൊൻനില വിളക്കുകളുടെ നടുവിൽ നടക്കുന്നവൻ അരുളിച്ചെയ്യുന്നത് (2:1)*

**ഓരോ പ്രാദേശികസഭയും പൊൻനിലവിളക്കുകളാണ്**

ഏഴ് പൊൻനിലവിളക്ക് ഏഴ് സഭകൾ ആകുന്നുവെന്നും ഏഴ് നക്ഷത്രം ഏഴ് സഭകളുടെ ദൂതന്മാരാകുന്നുവെന്നും 1:20 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ പ്രാദേശികസഭയെയും ദൈവം കാണുന്നത് പൊൻനിലവിളക്കായി ട്ടാണ് എന്ന കാര്യം നാം അഭിമാനത്തോടെ കേൾക്കുക. സമാഗമനകൂടാര ത്തിന് പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധസ്ഥലം എന്നിങ്ങനെ മൂന്നു ഭാഗങ്ങൾ ഉണ്ടായിരുന്നുവല്ലോ. അതിൽ വിശുദ്ധസ്ഥലത്ത് വച്ചിരുന്ന മൂന്നു ഉപകരണങ്ങളിൽ ഒന്നാണ് തങ്കംകൊണ്ടുള്ള നിലവിളക്ക്. ആ നിലവിളക്കി നോടാണ് ഓരോ പ്രാദേശികസഭയെയും കർത്താവ് ഉപമിച്ചിരിക്കുന്നത്!

പ്രാദേശികസഭകൾക്ക് ദൈവം എത്ര കണ്ട് മൂല്യം കൊടുക്കുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. സഭായോഗങ്ങളെ അവഗണിക്കുന്നവരും സഭാ യോഗങ്ങളിൽ നിർജ്ജീവമായ നിലയിൽ പങ്കെടുക്കുന്നവരും ഇക്കാര്യം മന സ്സിലാക്കേണ്ടതാണ്. ദൈവം ഒരു കാര്യത്തിന് മൂല്യം കണ്ടാൽ നാമും അതിന് മൂല്യം കാണണം. ദൈവം വിലമതിക്കുന്നതിനെ നാം വിലകുറച്ചു കാണരുത്. അതുകൊണ്ട് ഓരോ വിശ്വാസിയും സഭയിൽ സജീവമാകണം. ശുശ്രൂഷകൾ താത്പര്യത്തോടെ ചെയ്യണം.

### കർത്താവ് പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നു

സഭകളുടെ നടുവിൽ നടക്കുന്നവനാണ് കർത്താവ്. ഓരോ വിശ്വാസ സമൂഹത്തെയും കർത്താവ് കൃത്യമായി കാണുന്നു, ശ്രദ്ധിക്കുന്നു. ഒന്നാം നൂറ്റാണ്ടിൽ സഭകളുടെ നടുവിൽ നടന്നപ്പോൾ കർത്താവിന് കാണേണ്ടി വന്ന ചില കാഴ്ചകൾ താഴെപ്പറയുന്നവയാണ്:

| | | |
|---|---|---|
| കൊരിന്തുസഭ | ദുർന്നടപ്പ്, ഗ്രൂപ്പിസം | (1 കൊരി.5:1; 1:12) |
| ഗലാത്യസഭ | പരിച്ഛേദനാവാദം | (ഗലാത്യർ 5:2) |
| എഫെസൊസ്സഭ | ആദ്യസ്നേഹം ഇല്ല | (വെളിപ്പാട് 2:4) |
| ഫിലിപ്പിസഭ | യുവൊദ്യ–സുന്തുക ഭിന്നത | (ഫിലിപ്പിയർ 4:2) |
| കൊലൊസ്യസഭ | തൊടരുത്–പിടിക്കരുത് വാദം | (കൊലൊ. 2:21) |
| തെസലോനിക്യസഭ | മടിയന്മാർ, പരകാര്യപ്രിയർ | (2 തെസ. 3:11) |

ഇങ്ങനെ ഓരോ സഭയ്ക്കും പല കുറവുകളുണ്ടെങ്കിലും ആ സഭകളെ പൊൻനിലവിളക്കുകളായിത്തന്നെയാണ് കർത്താവ് കാണുന്നത്. സഭകളുടെ പോരായ്മകൾ അവയുടെ തിളക്കം കുറയ്ക്കുന്നില്ല. അപ്പൊ. പ്രവൃ. 2: 41,42 ൽ 7 കാര്യങ്ങൾ കാണുന്നു. (1) സുവിശേഷം സ്വീകരിച്ചു (വാക്ക് കൈക്കൊണ്ടു), (2) സ്നാനം ഏറ്റു, (3) ദൈവജനത്തോട് ചേർന്നു, (4) അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടു, (5) കൂട്ടായ്മ ആചരിച്ചു, (6) അപ്പം നുറുക്കി, (7) പ്രാർത്ഥന കഴിച്ചു. ഇപ്പറഞ്ഞ ഏഴ് കാര്യങ്ങളിൽ ആദ്യത്തെ മൂന്നു കാര്യങ്ങൾ ഒരിക്കൽ ചെയ്തവരും ബാക്കി നാല് കാര്യങ്ങൾ സ്ഥിരമായി ചെയ്തുകൊണ്ടിരിക്കുന്നവരും ആണ് സഭയിലെ അംഗങ്ങൾ. ഇങ്ങനെയുള്ളവർ കൂടിവരുന്ന എല്ലാ കൂടിവരവുകളും, അവിടെ എന്തെല്ലാം കുറവുകളുണ്ടായാലും, കർത്താവിന്റെ ദൃഷ്ടിയിൽ പൊൻനിലവിളക്കുകളാണ്.

### പൊൻനിലവിളക്കിന്റെ പ്രത്യേകതകൾ

സമാഗമനകൂടാരത്തിലെ പൊൻനിലവിളക്കിന്റെ പ്രത്യേകതകൾ നമുക്ക് നോക്കാം. ആ പ്രത്യേകതകളെല്ലാം ദൈവസഭകൾക്കുമുണ്ട്. കാരണം ദൈവസഭകളെ താരതമ്യപ്പെടുത്തിയിരിക്കുന്നത് പൊൻനിലവിളക്കിനോടാണല്ലോ.

#### (1) പൊൻനിലവിളക്ക് പ്രകാശം പരത്തുന്നു

സമാഗമനകൂടാരത്തിൽ വെളിച്ചം ലഭിച്ചിരുന്നത് ആ പൊൻനിലവിളക്കിൽനിന്നായിരുന്നു. വിശുദ്ധസ്ഥലത്ത് പ്രവേശിക്കുന്ന പുരോഹിതന് അവിടെ ചെയ്യേണ്ട ശുശ്രൂഷകൾ ചെയ്യാൻ ഈ നിലവിളക്കിലെ പ്രകാശം സഹായകമാണ്. സഭയോടുള്ള ബന്ധത്തിൽ ശുശ്രൂഷകൾ ചെയ്യുന്ന ഓരോ

വ്യക്തിക്കും ശുശ്രൂഷകൾ സന്തോഷത്തോടെ ചെയ്യാനുള്ള അന്തരീക്ഷം സഭകളിലുണ്ടായിരിക്കണം. ഞരങ്ങിക്കൊണ്ട് ശുശ്രൂഷകൾ ചെയ്യാൻ ഇട വരരുത് (എബ്രായർ 13:17). ദൈവസഭയാകുന്ന തങ്കവിളക്കിന്റെ പൊൻപ്രഭയിൽ നിന്നുകൊണ്ട് വിശ്വാസികൾ ദൈവത്തിന് സേവ ചെയ്യട്ടെ.

പാപാന്ധകാരം നിറഞ്ഞ ഈ ലോകത്തിൽ വചനത്തിന്റെ പ്രകാശം പരത്താനുള്ള ഉത്തരവാദിത്തവും ദൈവസഭകൾക്കുണ്ട്. സുവിശേഷപ്രവർത്തനം സഭകളെയാണ് ദൈവം ഏൽപ്പിച്ചിരിക്കുന്നത്.

**(2) പൊൻനിലവിളക്ക് വിലയേറിയതാണ്**

വിലയേറിയ പൊന്നുകൊണ്ട് ഉണ്ടാക്കപ്പെട്ടതാണ് നിലവിളക്ക്. നേരത്തെ പറഞ്ഞതുപോലെ, സഭകളുടെ വില നാം മനസ്സിലാക്കണം. ദൈവസഭ കഷ്ടതയിലൂടെയും ഉപദ്രവത്തിലൂടെയും കടന്നുപോയാലും, ദൈവസഭയ്ക്ക് എന്തെല്ലാം കുറവുകളുണ്ടായാലും അവ വിലയേറിയതു തന്നെയാണ്. സ്വർണ്ണത്തിൽ ചളി പുരണ്ടാൽ തന്നെയും അതിന്റെ മൂല്യം ഒട്ടും കുറയുന്നില്ലല്ലോ. അതുപോലെയാണ് ഓരോ സഭാകൂടിവരവും.

**(3) പൊൻനിലവിളക്ക് സൗന്ദര്യമുള്ളതാണ്**

നാം കൂടിവരുന്ന പ്രാദേശികസഭയുടെ കുറ്റങ്ങൾ കർത്താവ് കാണുന്നുണ്ടെങ്കിലും ആ സഭയെ സൗന്ദര്യമുള്ളതായിത്തന്നെയാണ് കർത്താവ് കാണുന്നത്. എത്ര ഉപദ്രവങ്ങളിലൂടെ കടന്നുപോയാലും എത്ര കഷ്ടയിലൂടെ കടന്നുപോയാലും സഭയുടെ സൗന്ദര്യം കുറയുന്നില്ല. കർത്താവ് തന്റെ രക്തത്താൽ വീണ്ടെടുത്തതായതുകൊണ്ട്, സഭ ഒരേ സമയം വിലയേറിയതും സൗന്ദര്യമേറിയതും ആണ്. സഭയും സഭാപ്രവർത്തനങ്ങളും പലർക്കും മടുപ്പുളവാക്കുന്നുവത്രേ! സഭയുടെ സൗന്ദര്യം കാണാൻ അവർക്ക് കഴിയാത്തതുകൊണ്ടാണത്.

ചുരുക്കിപ്പറഞ്ഞാൽ, ഓരോ സഭാകൂടിവരവും പ്രകാശം പരത്തുന്നതും വിലയേറിയതും സൗന്ദര്യമുള്ളതും ആയ പൊൻനിലവിളക്കുകളാണ്. സഭാകൂടിവരവിൽ ആളുകൾ കുറവായിരിക്കാം. സഭാഹാളിന് സൗകര്യം കുറവായിരിക്കാം. കൂടിവരുന്ന വിശ്വാസികൾ സാമ്പത്തികത്തിലും വിദ്യാഭ്യാസത്തിലും പിന്നിലായിരിക്കാം. അവർക്ക് പല പല പ്രശ്നങ്ങൾ ഉണ്ടായിരിക്കാം. പക്ഷേ ഇതുകൊണ്ടൊന്നും അവ ദൈവസഭ അല്ലാതാകുന്നില്ല. പൊൻനിലവിളക്ക് എന്ന വിളിക്ക് യോഗ്യതയില്ലാതാകുന്നില്ല.

ദൈവജനമേ, സഭയുടെ പ്രാധാന്യവും മൂല്യവും സൗന്ദര്യവും തിരിച്ചറിയുക. സഭയോടുചേർന്ന് നിന്നുകൊണ്ട് പ്രകാശം പരത്തുക. അന്ധകാരത്തിന്റെ പ്രഭുവിനെ നാം തോൽപ്പിക്കണം.

**(തുടരും)**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി

9

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..* എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 15. പോലീസ്സ്റ്റേഷനും ചാരായഷാപ്പും

1993-94 കാലത്ത് ഇടുക്കിയിലെ കുളമാവിൽ ജോയ് പാമ്പാടി സഹോദരനോടൊപ്പം ഞാൻ പോയി. ഞങ്ങൾ അവിടെ സുവിശേഷപ്രവർത്തനം നടത്തി. തിരിച്ചുപോരുമ്പോൾ ജോയ്പാമ്പാടിസഹോദരൻ അവിടെ ഒരു സുവിശേഷകനെ ആക്കിയിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനത്താൽ ഒരേയൊരാൾ മാത്രം വിശ്വസിക്കുകയും സ്നാനമേൽക്കയും ചെയ്തു. അതോടുള്ള ബന്ധത്തിൽ വലിയ എതിർപ്പുണ്ടായി. ഏതായാലും അധികം നാൾ ആ സുവിശേഷകൻ അവിടെ നിന്നില്ല. അദ്ദേഹം അവിടെനിന്നും പോയി.

അവിടെ മുന്നോട്ടു വന്ന ആ ഒരു സഹോദരൻ ഞങ്ങളുടെ സ്ഥലത്ത് ഞങ്ങളോടുകൂടെ ഒരു വർഷത്തോളം താമസിച്ചു. അദ്ദേഹം ചെറിയ ജോലികളൊക്കെ ചെയ്തു. ഇവിടെ ഞങ്ങളുടെ അടുത്തുനിന്ന് വചനം പഠിച്ചു. അദ്ദേഹത്തിന്റെ നിർബന്ധപ്രകാരം ഞങ്ങൾ ഒരു ടീമായി അദ്ദേഹത്തിന്റെ സ്ഥലത്ത് ചെന്ന് സുവിശേഷപ്രവർത്തനം നടത്തി. ഞങ്ങളുടെ സഭയിൽ അന്ന് പോൾ, സജി, ഹരിദാസ്, വർഗ്ഗീസ് തുടങ്ങിയ ചെറുപ്പക്കാർ ഉണ്ടായിരുന്നു. ഞങ്ങളെല്ലാവരും കുളമാവിൽ ചെന്ന് അവിടത്തെ വീടുകൾ സന്ദർശിച്ചു, സുവിശേഷം അറിയിച്ചു.

അവിടെ ഞങ്ങൾ ചിലരെ കണ്ടെത്തി. അങ്ങനെ താത്പര്യം കാണിച്ച് വന്നവരെ മുന്നോട്ട് കൊണ്ടുപോകാൻ ഞങ്ങൾക്ക് തന്നെ സാദ്ധ്യമല്ലാത്തതിനാൽ നെല്ലിക്കുന്നുള്ള ഒരു സഭാമൂപ്പനോട് അക്കാര്യം സംസാരിച്ചു. അദ്ദേഹവും ഞാനും കുന്ദംകുളത്തെ ബൈബിൾസ്കൂളിൽ പഠിപ്പിക്കുന്നുണ്ടായിരുന്നു. അദ്ദേഹം എന്നോട് പറഞ്ഞു: “സഭയൊന്നും വരില്ല. നമുക്കൊരു കാര്യം ചെയ്യാം. ബൈബിൾസ്കൂളിന്റെ ചുമതലയിൽ നമുക്ക് അവിടെ പ്രവർത്തിക്കാം.” അങ്ങനെ കുന്ദംകുളം ബൈബിൾസ്കൂളിനോടുള്ള ബന്ധത്തിൽ ഞങ്ങൾ ആ പ്രദേശത്ത് ചെന്ന് പ്രവർത്തിച്ചു.

അവിടെ ആളുകൾ കർത്താവിൽ വിശ്വസിച്ച് മുന്നോട്ടുവന്നു. അവർ സ്നാനപ്പെടുന്നതിനുമുമ്പ് അവിടെ താമസിച്ച് വചനം പഠിപ്പിച്ചത് ഞാനാണ്. ഒരു വീട് അതിനുവേണ്ടി വാടകയ്ക്കെടുത്തു. ഓല മേഞ്ഞ ഒരു വീടായിരുന്നു അത്. നിലത്ത് കിടന്നാൽ ഒരു തരം ചെള്ള് ദേഹത്ത് കുത്തും. അതുകൊണ്ട് അവിടെയുള്ളവര് തൈതല് ഇട്ടാണ് കിടക്കുക. ഞാൻ ഒരു പുതപ്പുമായാണ് ഇവിടെനിന്ന് പോയത്. അസഹ്യമായ തണുപ്പാണ്.

അവിടെയുണ്ടായിരുന്ന മോളിസഹോദരി ഒരു ദിവസം എന്നോട് പറഞ്ഞു: "സാറ് ഇതിനകത്ത് കിടന്നാൽ ചത്തുപോകും." ആ സഹോദരി കടയിൽനിന്ന് പഞ്ചസാരചാക്ക് വാങ്ങി – നല്ല നീളമുള്ള പഞ്ചസാരചാക്കായിരുന്നു അത് – ഡാമിന്റെ അവിടെ കൊണ്ടുപോയി, തല്ലി അലക്കി, ഉണക്കി കൊണ്ടുവന്നു. അതിനകത്ത് കേറി കിടക്കാൻ പറഞ്ഞിട്ട് അത് എനിക്ക് തന്നു. പിന്നീട് അതിനകത്താണ് ഞാൻ കിടന്നിരുന്നത്. തണുപ്പിനെ അതിജീവിക്കാൻ കഴിയുന്ന നല്ല പുതപ്പ് അവിടെനിന്ന് വാങ്ങാൻ കിട്ടുമെങ്കിലും അതിനുള്ള പൈസ എന്റെ പക്കലില്ലായിരുന്നു.

ഏകദേശം 100 പേരുള്ള ഒരു കൂട്ടം അവിടെ കൂടിവന്നു. ആദ്യത്തെ സ്നാനത്തിന് 28 പേരുണ്ടായിരുന്നു. പിന്നത്തേതിൽ 15 പേരും സ്നാനപ്പെട്ടു. ഒരു നല്ല സഭ അവിടെയുണ്ടായി.

ഞങ്ങൾ സുവിശേഷം പറയാനായി പോകുമ്പോൾ അവിടെയുള്ള പോലീസ്സ്റ്റേഷൻ കണ്ടു. അവിടത്തെ പോലീസുകാരോട് സുവിശേഷം അറിയിക്കാനായി അങ്ങോട്ടു ചെന്നു. രസകരമായ കാര്യം എന്താണെന്നു വച്ചാൽ, അവിടെയുള്ള പോലീസുകാരെല്ലാം 'പണിഷ്മെന്റ് ട്രാൻസ്ഫർ' കിട്ടി വന്നിട്ടുള്ളവരാണ്. ആ നാട്ടിൽ വലിയ പ്രശ്നങ്ങളൊന്നുമില്ല. ചാരായം വാറ്റുന്നത് പോലുള്ള കാര്യങ്ങളേ ഉള്ളൂ. പോലീസ്കാർക്ക് കാര്യമായ ജോലിയില്ലെന്നു പറയാം. കൈക്കൂലിയായി വല്ല വരുമാനം ലഭിക്കാനുള്ള സാധ്യതയും ഇല്ല. അവരോട് ഞങ്ങൾ സുവിശേഷം പറഞ്ഞു. അവർ അത് ശ്രദ്ധിച്ചുകേട്ടു.

ഞങ്ങളുടെ നാട്ടിൽ കുറെ പെറ്റിക്കേസുകളെല്ലാം ഉണ്ടായിരുന്ന ഒരാൾ സുവിശേഷം കേട്ട് മാനസാന്തരപ്പെട്ട കാര്യം സാക്ഷ്യമായി ഞാൻ അവരോട് പറഞ്ഞു. അദ്ദേഹത്തെയും കൊണ്ട് ഞാൻ പീച്ചി പോലീസ്സ്റ്റേഷനിൽ ചെന്നിരുന്നു. അക്കാലത്ത് പീച്ചിയിലെ സ്റ്റേഷനിൽ ചെന്നാൽ അവിടെയുള്ളവർ എന്നെ വളരെ ആദരവോടെയാണ് കണ്ടിരുന്നത്. ഇതെല്ലാം കേട്ടപ്പോൾ ഒരു പോലീസ്കാരൻ പറഞ്ഞത് ഇപ്രകാരമായിരുന്നു: "നിങ്ങളിങ്ങനെ തുനിഞ്ഞിറങ്ങിയാൽ ഞങ്ങളുടെ പണി തീർത്തും നഷ്ടപ്പെടും. കാരണം ആളുകളെല്ലാം മാനസാന്തരപ്പെട്ടാൽ പിന്നെ ഇവിടെ പോലീസ്സ്റ്റേഷന്റെ ആവശ്യമില്ല." അദ്ദേഹം പറഞ്ഞ ഈ വാക്ക് ഞാനിന്നും ഓർമ്മിക്കുന്നുണ്ട്.

സുവിശേഷം അനേകരിൽ മാറ്റങ്ങൾ വരുത്തുന്നു. ഒരു വ്യക്തി മാനസാന്തരപ്പെട്ടാൽ ദേശം അതറിയും. കാരണം അവന്റെ ജീവിതത്തിൽ ഒരുപാട് മാറ്റങ്ങൾ വരുന്നുവല്ലോ. നേരത്തെ ഞാൻ പറഞ്ഞ വ്യക്തിയെ സംബന്ധിച്ചാണെങ്കിൽ, പോലീസ്കാർ അദ്ദേഹത്തെക്കൊണ്ട് മടുത്തിരുന്നു. പക്ഷേ അദ്ദേഹം മാനസാന്തരപ്പെട്ടു. ഇന്നും ആ സഹോദരൻ ഉണ്ട്. അദ്ദേഹം സന്തോഷവാനായി ജീവിക്കുന്നു.

സുവിശേഷത്തെക്കുറിച്ച് പറയുകയാണെങ്കിൽ ഈ ലോകത്തിലെ അധികാരങ്ങൾക്കോ ലാത്തിക്കോ വടിക്കോ സാധിക്കാത്ത കാര്യം സുവിശേഷത്തിന് സാധിക്കും. അത് ലെഗ്യോൻ ബാധിച്ച മനുഷ്യനിൽ കർത്താവ് വരുത്തിയ മാറ്റം പോലെയായിരിക്കും. നാം സുവിശേഷം അറിയിക്കുമ്പോൾ ഒരു വ്യക്തിയെ ഇരുളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്ന പ്രവൃത്തിയാണത്. അത് അത്ര എളുപ്പമുള്ള കാര്യമല്ല.

അപ്പൊ. പ്രവൃ. 26:18 ൽ പറയുന്നതുപോലെ, ആളുകൾക്ക് പാപമോചനം ലഭിക്കുവാൻ, ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശം ലഭിക്കാൻ, അവരുടെ കണ്ണ് തുറക്കുവാൻ, ഇരുളിൽനിന്ന് വെളിച്ചത്തേക്ക് വരുവാൻ, സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിങ്കലേക്ക് തിരിക്കുവാൻ... ഇതിനെല്ലാം വേണ്ടി നടത്തുന്ന ശ്രമകരമായ ജോലിയാണ് സുവിശേഷപ്രവർത്തനം. ഇത് അത്ര എളുപ്പമുള്ള ജോലിയല്ല. സാത്താന്റെ കോട്ടകളെ തകർക്കുന്ന പ്രവൃത്തിയാണത്. പരിശുദ്ധാത്മാവിന്റെ നിറവും ശക്തിയും ദൈവവചനത്തിന്റെ പ്രവൃത്തിയും ഒന്നുചേർന്നെങ്കിൽ മാത്രമേ അത് സാധ്യമാവുകയുള്ളൂ.

ആ പോലീസ്കാരൻ പറഞ്ഞ കാര്യം ഞാൻ വീണ്ടും ഓർക്കുകയാണ്. “നിങ്ങളിങ്ങനെ തുനിഞ്ഞിറങ്ങിയാൽ ഞങ്ങളുടെ പണി തീർത്തും നഷ്ടപ്പെടും.” എന്റെ സുവിശേഷവേലയിലെ ഒരു പ്രധാന അനുഭവമാണത്. തീർച്ചയായും ആളുകൾ രക്ഷിക്കപ്പെടട്ടെ. ദേശത്ത് സുവിശേഷം വേണ്ടതുപോലെ മാതൃകാപരമായി വ്യാപരിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു! അങ്ങനെ കുളമാവിൽ നല്ലൊരു സഭ അക്കാലത്ത് ഉണ്ടായി. പിന്നീടതിന് ചില ക്ഷതങ്ങളൊക്കെ ഭവിച്ചു. അതിനെക്കുറിച്ച് ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. ഇപ്പോഴും ഒരു ചെറിയ കൂട്ടം അവിടെയുണ്ട്.

ഞാൻ ഇപ്പോൾ കൂടിവരുന്ന ചുവന്നമണ്ണ് സഭയുടെ അടുത്താണ് വഴുക്കുംപാറ എന്ന സ്ഥലം. അവിടെ ഒരു ചാരായഷാപ്പുണ്ടായിരുന്നു. 1986–87 ലെ കാര്യമാണ് ഞാൻ പറഞ്ഞുവരുന്നത്. കുരിയാക്കോസ് എന്നു പേരുള്ള ഒരു യാക്കോബായക്കാരനാണ് അത് നടത്തിയിരുന്നത്. അവിടത്തെ പ്രധാന കുടിയന്മാരിൽ ഏഴുപേർ ആയിടയ്ക്ക് മാനസാന്തരപ്പെട്ടു. ഇങ്ങനെ പ്രധാന

കുടിയന്മാർ കുടി നിറുത്തിയപ്പോൾ ആ ചാരായക്കട അടയ്ക്കേണ്ടിവന്നു. കടയുടെ നടത്തിപ്പുകാരനും എന്റെ നാട്ടുകാരനുമായ കുരിയാക്കോസ് എന്റെ അടുത്ത് വന്ന് എന്നോട് ചോദിച്ചു: "ഐസക്കേട്ടാ, ഞാൻ ഇനി എങ്ങനെ ജീവിക്കും?"

ഞാൻ അദ്ദേഹത്തെയും കൂട്ടി പട്ടിക്കാട് സെന്ററിലേക്ക് ചെന്നു. പട്ടിക്കാടിന്റെ പഞ്ചായത്ത് മുതൽ ചാരായഷാപ്പ് വരെ ഞാൻ അദ്ദേഹത്തെ നടത്തി. "എന്തിനാ എന്നെ ഇങ്ങനെ നടത്തിക്കുന്നത്?" എന്ന് അദ്ദേഹം ചോദിച്ചു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു. "കുരിയാക്കോസ് സൂക്ഷിച്ച് നോക്കിക്കോളൂ. ഇവിടെയില്ലാത്ത ഒരു കട താൻ തുടങ്ങണം." അദ്ദേഹത്തിന് കാര്യം മനസ്സിലായില്ല. തിരിച്ചുനടക്കുമ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു: "ഇവിടെ ഒരു ഫർണീച്ചർ കടയില്ല. താൻ ഒരു ഫർണീച്ചർ കട തുടങ്ങണം."

അങ്ങനെ കുരിയാക്കോസ് അവിടെ ഒരു ഫർണീച്ചർ കട തുടങ്ങി. അദ്ദേഹത്തിന്റെ അപ്പന്റെ ഒരു ജ്യേഷ്ഠൻ പെന്തെക്കോസ്തിലെ പാസ്റ്ററായിരുന്നു. മത്തായി ഉപദേശി. അദ്ദേഹം മുടിക്കോടുള്ള ആളായിരുന്നു. കുരിയാക്കോസിന്റെ ഫർണീച്ചർ കട തുടങ്ങുമ്പോൾ പ്രാർത്ഥിച്ചത് മത്തായിഉപദേശിയും ഞാനും ആയിരുന്നു. ഇന്നും ആ കട അവിടെ ഉണ്ട്. പട്ടിക്കാട് സെന്ററിൽ സുറായിപ്പള്ളിയുടെ കെട്ടിടത്തിൽ കുരിയാക്കോസിന്റെ കട ഉണ്ട്.

ആ ചാരായഷാപ്പ് ഇരുന്ന കെട്ടിടം ഹൈവേയുടെ വികസനത്തോടുള്ള ബന്ധത്തിൽ എടുത്തുപോയി. ആ കെട്ടിടത്തിന്റെ ഉടമസ്ഥൻ ഇന്ന് ഞങ്ങളുടെ സഭയിലുണ്ട്. സുവിശേഷം വരുത്തുന്ന മാറ്റങ്ങൾ, അതിന്റെ വ്യാപനം, അതിന്റെ ശക്തി, അതിന്റെ സാക്ഷ്യം ഇതെല്ലാം വായനക്കാരുടെ ശ്രദ്ധയിൽ പെടുത്താനാഗ്രഹിച്ചുകൊണ്ടാണ് ഞാനിതെല്ലാം ഇവിടെ പങ്കുവയ്ക്കുന്നത്. ഇതെല്ലാം വായനക്കാർക്ക് പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. നിങ്ങൾ ഞങ്ങളെ ഓർത്ത് പ്രാർത്ഥിക്കുമല്ലോ.

സുവിശേഷപ്രവർത്തനം ലോകത്തെ കീഴ്മേൽ മറിക്കുന്ന ഒന്നാണ്. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

**(തുടരും)**

**ഈ ലക്കത്തോടെ 'റിയൽ ലൈഫ് വോയ്സ്' 13 വർഷം പൂർത്തിയാക്കുകയാണ്. കഴിഞ്ഞ 13 വർഷങ്ങളിൽ ഈ പ്രവർത്തനത്തെ മുന്നോട്ടു നടത്തിയത് ദൈവകൃപ മാത്രമാണെന്നു ഞങ്ങൾ ഇവിടെ സാക്ഷ്യപ്പെടുത്തുന്നു. ദൈവത്തിനു സ്തോത്രം! പ്രാർത്ഥനയിൽ ഓർത്തവർ, പ്രോത്സാഹിപ്പിച്ചവർ, പ്രതികരണങ്ങൾ അറിയിച്ചവർ, കൂട്ടായ്മ കാണിച്ചവർ എല്ലാവരെയും ദൈവം ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ.**

**(എഡിറ്റർ)**

# യോനാ

## (പുസ്തകപഠനം)

7

**-എംവിഎസ്-**

**യോനാ - ഒന്നാം അദ്ധ്യായം**

**യോനാ 1:3**

**എന്നാൽ യോനാ യഹോവയുടെ സന്നിധിയിൽനിന്ന് തർശ്ശീശ്ശിലേക്ക് ഓടിപ്പോകേണ്ടതിന് പുറപ്പെട്ടു യാഫോവിലേക്ക് ചെന്നു, തർശ്ശീശ്ശിലേക്ക് പോകുന്ന ഒരു കപ്പൽ കണ്ട് കൂലി കൊടുത്ത് യഹോവയുടെ സന്നിധിയിൽനിന്ന് അവരോടുകൂടെ തർശ്ശീശ്ശിലേക്ക് പോയ്ക്കളവാൻ അതിൽ കയറി.**

**ദൈവസന്നിധിയിൽനിന്നുള്ള ഓടിപ്പോക്ക്**

യോനാ ദൈവത്തിന്റെ സന്നിധിയിൽ നിന്ന് ഓടിപ്പോയി. ദൈവം എല്ലായിടത്തും ഉള്ളതുകൊണ്ട് ദൈവത്തിന്റെ സന്നിധിയിൽനിന്ന് ഓടിപ്പോകാൻ ആർക്കും കഴിയില്ല. "തിരുസന്നിധി വിട്ട് ഞാൻ എവിടേക്ക് ഓടും?" എന്ന് ദാവീദ് പാടിയത് അതുകൊണ്ടാണ് (സങ്കീർത്തനങ്ങൾ 139:7). യോനാ പിന്നെങ്ങനെയാണ് യഹോവയുടെ സന്നിധിയിൽനിന്ന് ഓടിപ്പോകുന്നത്? യഹോവ യിസ്രായേൽജനത്തെ സ്വന്തജനമായി തെരഞ്ഞെടുത്തതുകൊണ്ടും യഹോവ യിസ്രായേൽജനത്തോട് ഹൃദ്യമായി ഇടപെടുന്നതുകൊണ്ടും, യിസ്രായേൽമക്കൾ ഉള്ള സ്ഥലത്തുനിന്നും മാറി, വേറെ ദേശത്തേക്ക് പോകുന്നതിനെയാണ് യഹോവയുടെ സന്നിധിയിൽനിന്നും ഓടിപ്പോകുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

സാഹചര്യങ്ങൾ മോശമാകുമ്പോൾ അവിടെനിന്ന് ഓടിപ്പോകാനുള്ള പ്രവണത പലരും കാണിക്കാറുണ്ട്. വീട്ടിലെ തല്ലും വഴക്കും സഹിക്കാൻ വയ്യാതെ ചില കുട്ടികൾ വീട്ടിൽനിന്ന് ഓടിപ്പോകുന്നു. പഠിക്കുന്നതിൽനിന്ന് രക്ഷപ്പെടാനും വഴക്കു പറഞ്ഞതിന്റെ പേരിൽ പ്രതിഷേധിച്ചും ചില കുട്ടികൾ ഓടിപ്പോകാറുണ്ട്. പ്രേമം മൂത്ത് പെൺകുട്ടികൾ ഒളിച്ചോടിപ്പോകാറുണ്ട്. ഭർത്തൃപീഡനം നിമിത്തം ചില ഭാര്യമാർ ഓടിപ്പോകാറുണ്ട്. ഈ ഓടിപ്പോക്കുകളെല്ലാം സുഖവും സംരക്ഷണവും തേടിയുള്ളവയാണ്. ഇതിൽ എത്ര പേർക്ക് സുഖവും സംരക്ഷണവും ലഭിക്കുന്നുണ്ടെന്നത് വേറെ കാര്യം. ഇത്തരം ഓടിപ്പോക്കുകാർ മിക്കവരും ചതിക്കുഴിയിലാണ് ചെന്നു ചാടുന്നത്. പരാജയത്തിൽ കലാശിക്കുന്ന ഓടിപ്പോക്കുകൾ!

യോനാ യഹോവയുടെ സന്നിധിയിൽനിന്ന് ഓടിപ്പോകാൻ ഒരുങ്ങിയ ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട്, മനുഷ്യരിൽ കാണുന്ന ഓടിപ്പോകാനുള്ള പ്രവണതയെക്കുറിച്ച് കുറച്ചുകൂടി കാര്യങ്ങൾ ചിന്തിക്കാം.

എനിക്ക് 14 വയസ്സുള്ളപ്പോൾ, ഞാൻ ഒമ്പതാംക്ലാസ്സിൽ പഠിക്കുന്ന കാലത്ത് ക്ലാസ്സിൽ അനുസരണക്കേട് കാണിച്ചതിന് ടീച്ചർ എന്നെയും വേറൊരു കുട്ടിയെയും ക്ലാസ്സിൽനിന്ന് പുറത്താക്കി. ക്ലാസ്സിൽനിന്നും ഞങ്ങൾ ഗ്രൗണ്ടിലേക്ക് പോയി. അവിടെ വച്ച് മറ്റെ കുട്ടി എന്നോട് പറഞ്ഞു: "നമുക്ക് നാടു വിടാം. എങ്ങോട്ടെങ്കിലും ഓടിപ്പോകാം. അപ്പോൾ ടീച്ചറെ പോലീസ് അറസ്റ്റ് ചെയ്യും." ക്ലാസ്സിൽനിന്നും പുറത്താക്കിയതിന് പ്രതികാരം ചെയ്യാൻ വേണ്ടിയുള്ള ഓടിപ്പോക്ക്! ഞാൻ സമ്മതിച്ചില്ല.

എനിക്ക് 19 വയസ്സുള്ളപ്പോൾ, മദ്യപിച്ച് വീട്ടിൽ കയറിവന്ന അപ്പൻ വീട്ടിൽ വന്നിരുന്ന ബന്ധുക്കളുടെ മുമ്പിൽ വച്ച് എന്നെ അടിക്കുകയും ചീത്ത പറയുകയും ചെയ്തപ്പോൾ, ആ വീട്ടിൽനിന്നും മറ്റെങ്ങോട്ടെങ്കിലും ഓടിപ്പോകാനുള്ള പ്രവണത എനിക്കുണ്ടായി. എന്റെ സുഹൃത്തുക്കൾ ഒരു വീടിന്റെ ചായ്പ് വാടകക്കെടുത്ത് തരാനായി ഉത്സാഹിക്കുകയും അത് ഏറെക്കുറെ ഉറപ്പിക്കുകയും ചെയ്തു. അക്കാലത്ത് ഞാൻ രക്ഷിക്കപ്പെട്ട് ദൈവപൈതലായിത്തീർന്നിട്ടുള്ളതുകൊണ്ട്, ദൈവത്തോട് പ്രാർത്ഥിക്കുകയും ദൈവനടത്തിപ്പിന് കീഴടങ്ങുകയും ചെയ്തതുകൊണ്ട് ആ ശ്രമം ഞാൻ ഉപേക്ഷിക്കുകയായിരുന്നു.

എനിക്ക് 26 വയസ്സുള്ളപ്പോൾ, ഞാൻ ഒരു പത്താംക്ലാസ്സുകാരനെ അവന്റെ വീട്ടിൽ പോയി ട്യൂഷൻ എടുക്കുമായിരുന്നു. എസ്എസ്എൽസി പരീക്ഷയുടെ റിസൽട്ട് അറിയാറായപ്പോൾ, ആ കുട്ടി നിശ്ചയമായും പരീക്ഷ തോൽക്കും എന്നറിയാമായിരുന്ന ഞാൻ നാണക്കേടും ആ കുട്ടിയുടെ മാതാതാക്കളെ അഭിമുഖീകരിക്കാനുള്ള വൈഷമ്യവും നിമിത്തം നാട് വിടാൻ തീരുമാനിച്ചു. അട്ടപ്പാടിയിലെ ട്രൈബൽ മിഷനിലെ ഡോ. മുരളീധരനെ കാണാനായി പോയി. അവിടെയുള്ള ആദിവാസികുട്ടികൾക്കായുള്ള ഹോസ്റ്റലിൽ അവരെ പഠിപ്പിക്കുന്ന ജോലി ചെയ്യാൻ തീരുമാനമായി. പക്ഷേ, റിസൽട്ട് വന്നപ്പോൾ ഞാൻ പഠിപ്പിച്ച പത്താംക്ലാസ്സുകാരൻ ജയിച്ചിരുന്നു! അങ്ങനെ ആ 'ഓടിപ്പോക്കും' വേണ്ടിവന്നില്ല. ഞാൻ വരുന്നില്ലെന്ന് ഡോ. മുരളീധരന് കത്തെഴുതി.

ഓടിപ്പോകാനുള്ള പ്രവണത മനുഷ്യനിൽ ഉണ്ട്. "ഞാൻ വേറെ വല്ലയിടത്തേക്കും പോകും", "ഞാൻ വല്ല അനാഥശാലയിലും പോകും" തുടങ്ങിയ വാചകങ്ങളെല്ലാം ഓടിപ്പോകാനുള്ള പ്രവണതയിൽനിന്ന് ഉളവാകുന്നവയാണ്. ദൈവം തരുന്ന സാഹചര്യങ്ങളിൽനിന്ന് ഓടിപ്പോകാൻ ശ്രമിക്കരുത്. ദൈവകൃപയിലാശ്രയിച്ച് പൊരുതുകയാണ് വേണ്ടത്.

ദൈവസന്നിധിയിൽനിന്ന് ഓടിപ്പോകാനുള്ള പ്രവണത വളരെ അപകടകരമാണ്. ദൈവജനത്തിന്റെ മദ്ധ്യത്തിൽനിന്നുള്ള ഓടിപ്പോക്കിനെയാണ് ദൈവസന്നിധിയിൽ നിന്നുള്ള ഓടിപ്പോക്കായി വിശേഷിപ്പിച്ചിരിക്കുന്നതെന്ന് നേരത്തേ ചൂണ്ടിക്കാണിച്ചുവല്ലോ. ദൈവം കാണാതവണ്ണം ഓടിപ്പോകാൻ ആർക്കും സാധ്യമല്ല. "ഞാൻ കാണാതവണ്ണം ആർക്കെങ്കിലും മറയത്ത് ഒളിപ്പാൻ കഴിയുമോ? എന്ന് യഹോവയുടെ അരുളപ്പാട്; ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ എന്ന് യഹോവയുടെ അരുളപ്പാട്" (യിരമ്യാവ് 23:24).

ദൈവജനത്തിന്റെ ഇടയിൽനിന്നുള്ള ഓടിപ്പോക്ക് ഗുണകരമല്ല. സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നിടത്താണ് അനുഗ്രഹമുള്ളത് (സങ്കീർത്തനങ്ങൾ 133:3). ദൈവസഭയെ വിട്ട് ആരും പിന്മാറിപ്പോകരുത്.

**തർശീശിലേക്കുള്ള ഓടിപ്പോക്ക്**

തർശീശ് നല്ലൊരു വ്യാപാരകേന്ദ്രമാണ്. വെള്ളി കയറ്റുമതി ചെയ്യുന്ന സ്ഥലമാണ് (യിരമ്യാവ് 10:9; യെഹെസ്കേൽ 27:12,25). തർശ്ശീശ് അന്യജാതിക്കാരുടെ സ്ഥലമാണ്. സമ്പൽസമൃദ്ധമായ സ്ഥലമാണ്. പക്ഷേ ദൈവജനം അവിടെയില്ല. തർശ്ശീശിൽ ചെന്നാൽ യോനയ്ക്ക് ഒരു ജോലി തരപ്പെടുത്തുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമല്ല. പട്ടിണി കിടക്കേണ്ടിവരില്ല. പക്ഷേ ദൈവജനമൊത്തുള്ള ആരാധന മുടങ്ങും. അത് ഗൗരവമുള്ള കാര്യമായി യോനാ ഇപ്പോൾ കണക്കാക്കുന്നില്ല!

ദൈവജനത്തെ വിട്ട് അന്യജാതിക്കാരുടെ കൂട്ടത്തിൽ താമസിക്കാൻ യോനാ പോകുന്നു. അതും ഒരു പ്രവാചകൻ! ഇത്ര കാലം അവൻ നടത്തിയ ശുശ്രൂഷയെയും ആ ശുശ്രൂഷ അവനെ ഏല്പിച്ച ദൈവത്തെയും തള്ളിപ്പറഞ്ഞുകൊണ്ടാണ് യോനായുടെ തർശ്ശീശിലേക്കുള്ള പോക്ക്. ഇത്ര കാലം കൊണ്ട് അവൻ എന്ത് ആത്മികാഭിവൃദ്ധി നേടി? ഒരു പ്രശ്നം വരുമ്പോഴാണ് ഓരോരുത്തരുടെയും യഥാർത്ഥ ആത്മികനിലവാരം വെളിപ്പെടുന്നത്. ഇവിടെ ഇതാ യോനാ തർശ്ശീശിലേക്ക് പോകുന്നു – തന്റെ ശുശ്രൂഷ വിട്ട്, തന്റെ സഹോദരങ്ങളെ വിട്ട്, തന്റെ ആത്മികജീവിതം വിട്ട്, പണമുണ്ടാക്കാനായി...

തർശ്ശീശ്കപ്പലുകൾ ഉടഞ്ഞുപോയ കാര്യം 1 രാജാക്കന്മാർ 22:48ൽ കാണാം. ഒരു തർശ്ശീശ്കപ്പലിൽ കയറി രക്ഷപ്പെടാൻ നോക്കുന്ന യോനാ, ഒരു കപ്പലപകടത്തിനുള്ള സാദ്ധ്യതയെക്കുറിച്ച് ചിന്തിക്കുന്നേയില്ല. ദൈവനിഷേധത്തിന്റെ തിമിരം ബാധിച്ച യോനായ്ക്ക് അത്തരം കാര്യങ്ങളൊന്നും കാണാൻ കഴിയുന്നില്ല. ദൈവം അനുവദിച്ചാൽ മാത്രമേ ഈ ഓടിപ്പോക്ക് സഫലമാകൂ എന്നു ചിന്തിക്കാനും അവനു കഴിഞ്ഞില്ല. **(തുടരും)**

# കൂടപ്പിറപ്പിൻ ചതിയും ദൈവത്തിൻ കരുതലും

**അശോകൻ അമ്പാടി**

[എനിക്ക് ഒരു അസുഖം വന്നപ്പോൾ, എന്നെക്കൊണ്ട് ഇനി ഉപകാരമൊന്നുമില്ലെന്നു മനസ്സിലാക്കിയ എന്റെ ഉറ്റവരും ബന്ധുക്കളും എന്നെ തള്ളിക്കളഞ്ഞു. മരിക്കാനായി തുനിഞ്ഞിറങ്ങിയ എന്നെ ചില ദൈവനിയോഗികൾ ചേർത്തുപിടിച്ചു. അവർ എനിക്ക് ഒരു ഭവനം ഒരുക്കിത്തന്നു – തിരുവല്ലയിലെ ഗിൽഗാൽ ആശ്വാസഭവനം. കഴിഞ്ഞ ചില വർഷങ്ങളായി ഞാൻ അവിടത്തെ അന്തേവാസിയാണ്. എന്റെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഞാൻ എഴുതിയതാണ് ഈ കവിത]

ഒത്തിരി കരുതിയേ, നിങ്ങളെ ഞാൻ
ഒറ്റയ്ക്കൊരിക്കലും വിട്ടിട്ടില്ല
ആശിച്ചതോരോന്നും തന്നിട്ടില്ലേ?
അത് നിങ്ങൾ വേഗം മറന്നതെന്തേ?

വേദന ഒത്തിരി തന്നു നിങ്ങൾ, അത്
താങ്ങാനെനിക്കൊട്ടും ശക്തിയില്ല
ആരോടിരുന്നു പറയുമെന്റെ
ആവലാധി കേൾക്കാനാരുമില്ല

ആനന്ദമെല്ലാം പൊഴിഞ്ഞുപോയി, എന്റെ
ആഹ്ലാദമെല്ലാം അടർന്നുവീണു
എത്ര കൊതിച്ചു ഞാൻ ജീവിക്കാനായ്
എന്നിട്ടും ജീവിതം തന്നില്ലല്ലോ, നിങ്ങൾ!

ആരുമില്ലാതെ അലഞ്ഞൊരു നേരത്ത്
ആരെയും കുറ്റംപറഞ്ഞിടാതെ ഞാൻ
വാടിത്തളർന്ന മനസ്സുമായി, എന്റെ
ദൈവത്തിൻ മുമ്പിൽ ചെന്നുവീണു.

താങ്ങിപ്പിടിച്ചു, ഉയർത്തിയെൻ തമ്പുരാൻ
ആ ചൂടുള്ള നെഞ്ചിൽ ചേർത്തുനിർത്തി
എന്നെ സഹായിക്കാനാളെയൊരുക്കി, ദൈവം
എന്നുടെ ദുഃഖത്തെ മാറ്റിനിർത്തി

ഇന്നു ഞാനൊത്തിരി സന്തോഷത്തോടെ
ദൈവമൊരുക്കിയ ഭവനത്തിൻ തണലിൽ
ദൈവത്തിൻ വാത്സല്യമാവോളം നുകർന്ന്
സമാധാനമായ് ഞാൻ കഴിഞ്ഞിടുന്നു.

എംവിഎസ്

# ഞെബന്‍ഒക്കുലര്‍

27

## കുട്ടിയും ടീച്ചറും കോടതിയും!

ഒരു കാലത്ത് സ്കൂൾവിദ്യാർത്ഥികൾ അദ്ധ്യാപകരെ ബഹുമാനിച്ചിരുന്നു, ഭയപ്പെട്ടിരുന്നു, അനുസരിച്ചിരുന്നു. അദ്ധ്യാപകരുടെ നേരെ അവർ സ്വരമുയർത്തി സംസാരിക്കുമായിരുന്നില്ല. അദ്ധ്യാപകർ കുട്ടികളെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുമായിരുന്നു. യാതൊരു ഭയാശങ്കകളുമില്ലാതെ അദ്ധ്യാപകർക്ക് സ്കൂളിൽ വരാമായിരുന്നു. പക്ഷേ ഇന്ന് സ്ഥിതി മാറി. കുട്ടികളെ ശാസിച്ചാൽ മാനസികപീഡനം, ശിക്ഷിച്ചാൽ ശാരീരിക പീഡനം എന്ന നിലയിൽ കാര്യങ്ങൾ മാറി. ഫലമോ? അദ്ധ്യാപകർക്ക് കുട്ടികളുടെ മേൽ നിയന്ത്രണം നഷ്ടപ്പെട്ടു. കുട്ടികളാകട്ടെ കെട്ട് പൊട്ടിയ പട്ടം പോലെ ദിശാബോധം നഷ്ടപ്പെട്ട് പൊതുശല്യമായി അധപതിച്ചുകൊണ്ടിരിക്കുന്നു!

തൃശ്ശൂരിലെ വാടാനപ്പള്ളി പോലീസ് ഒരു അദ്ധ്യാപികയ്ക്ക് എതിരെ ബാലനീതിനിയമം ചുമത്തി കേസെടുക്കുകയുണ്ടായി. ഒരു ഏഴാംക്ലാസ്സുകാരനെ തല്ലിയതിന്റെ പേരിലാണ് കേസ്. ടീച്ചർ ക്ലാസ്സിൽ വരുമ്പോൾ ഈ സൽഗുണസമ്പന്നനായ ഏഴാംക്ലാസ്സുകാരൻ ഡെസ്കിന്റെ മുകളിൽ കാൽ കയറ്റിവച്ച് ഇരിക്കുകയായിരുന്നു. ഇത് അവന്റെ വീടല്ല, ക്ലാസ്സാണ് എന്ന് അവനെ ഓർമ്മിപ്പിക്കാനായി, “വീട്ടിൽ ചെയ്യുന്നതുപോലെ ഇവിടെ ചെയ്യരുത്” എന്ന് പറഞ്ഞ് ടീച്ചർ അവനെ ശാസിച്ചു. നമ്മുടെ ഏഴാക്ലാസ്സിൽ പഠിക്കുന്ന മുതലിന് അത് തീരെ ഇഷ്ടപ്പെട്ടില്ല. ഉടനെ ടീച്ചറെ അവൻ അസഭ്യം പറഞ്ഞു. അപ്പോൾ ടീച്ചർ അവനെ തല്ലി. ടീച്ചറെ പോലീസ് അറസ്റ്റ് ചെയ്ത്, കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു.

എന്തൊരു ദുഷ്ടതയാണ് ടീച്ചർ കാണിച്ചത്? ഒരു പന്ത്രണ്ടുവയസ്സുകാരനെ തല്ലാൻ പാടുണ്ടോ? ഡസ്കിൽ കാലും കയറ്റിവച്ച് അവൻ ഇരുന്നത് ഇത്ര വലിയ തെറ്റാണോ? അങ്ങനെ ഇരിക്കാൻ പാടില്ലെന്ന് എവിടെയെങ്കിലും എഴുതിവച്ചിട്ടുണ്ടോ? അവൻ അവന് ഇഷ്ടമുള്ള പോലെ ഇരിക്കുന്നതിൽ എന്താണ് കുഴപ്പം? (എടോ മണ്ടാ, ഡസ്കിൽ കാൽ കയറ്റിവയ്ക്കാൻ പാടില്ലെന്ന് ഒരിടത്തും എഴുതിവയ്ക്കേണ്ട കാര്യമില്ല. കാൽ കയറ്റിവയ്ക്കാനല്ല ഡസ്ക്. അത് പുസ്തകവും മറ്റു പഠനസാമഗ്രികളും വയ്ക്കാനാണ്. ബെഞ്ചിന്റെയും ഡസ്കിന്റെയും അടിയിൽ കാൽ വയ്ക്കാനുള്ള സൗകര്യം ഉണ്ടല്ലോ. അവൻ ഇഷ്ടമുള്ള പോലെ ഇരിക്കട്ടെ എന്നും പറഞ്ഞ്, ബഞ്ചിൽ

വയ്ക്കേണ്ട ശരീരഭാഗം എടുത്ത് അവൻ ഡസ്കിൽ വച്ചാൽ ശരിയാകുമോ? അങ്ങനെ ഓരോ കുട്ടിയും അവന്റെ/അവളുടെ ഇഷ്ടത്തിനനുസരിച്ച് ക്ലാസ്സിൽ ഇരുന്നാൽ എന്താകും സ്ഥിതി?)

ടീച്ചറുടെ ശാസന കേട്ടപ്പോൾ തന്റെ തെറ്റ് തിരുത്തുന്നതിനു പകരം ആ കുട്ടി ടീച്ചറെ അസഭ്യം പറഞ്ഞു. അപ്രതീക്ഷിതമായി മുത്തൻത്തെറി കേട്ട ടീച്ചർ ആ കുട്ടിയെ തല്ലുകയും ചെയ്തു. പാവം ടീച്ചർ! ആ അസഭ്യം കേട്ട് മിണ്ടാതെ പോയാൽ മതിയായിരുന്നു. ഡസ്കിൽ കയറ്റിവച്ച കാൽ കണ്ടില്ലെന്നു നടിച്ചാൽ മതിയായിരുന്നു. മുന്നിലിരിക്കുന്നത് കുട്ടിയാണെന്നും താൻ അവന്റെ അദ്ധ്യാപികയാണെന്നും തിരിച്ചറിഞ്ഞ ടീച്ചർ ആദ്യം അവനെ ശാസിക്കുകയും ഫലമില്ലെന്നു കണ്ടപ്പോൾ അവനെ തല്ലുകയും ചെയ്തത് പിന്നീട് പുലിവാലായി. കേസായി, കോടതിയായി.

കേസിൽ വിധി പറഞ്ഞത് ജസ്റ്റിസ് എ. ബദറുദ്ദീൻ ആയിരുന്നു. അദ്ധ്യാപകരുടെ അന്തസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള വിധിയായിരുന്നു അത്. ഗുരുനിഷേധികളും താന്തോന്നികളുമായ സകല കുട്ടികൾക്കും മുന്നറിയിപ്പ് കൊടുക്കുംവിധമുള്ള ആ വിധി നമ്മുടെ കോടതികളുടെ യഥാർത്ഥ മൂല്യം വിളിച്ചറിയിക്കുന്ന തരത്തിലുള്ളതായിരുന്നു. ക്രിമിനൽകേസും ജയിലും ഒഴിവാക്കാൻ അദ്ധ്യാപകർ വിദ്യാർത്ഥികളെ പേടിച്ചുകഴിയേണ്ട സ്ഥിതിയാണ് ഇന്നുള്ളതെന്ന് ഹൈക്കോടതി വ്യക്തമാക്കി. എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്നുള്ള ഭയപ്പാടിൽ കുട്ടികളെ പഠിപ്പിക്കേണ്ടി വരുന്നത് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് ഭീഷണിയാണെന്നും കോടതി പറഞ്ഞു.

ഡെസ്കിനു മുകളിൽ കാൽ കയറ്റിവച്ചിരുന്ന ഏഴാംക്ലാസ്സ് വിദ്യാർത്ഥിയെ തല്ലിയതിന്റെ പേരിൽ അദ്ധ്യാപികയ്ക്കെതിരെ വാടാനപ്പള്ളി പോലീസ് എടുത്ത കേസിലെ നടപടികൾ റദ്ദാക്കിക്കൊണ്ടാണ് ജസ്റ്റിസ് എ. ബദറുദ്ദീൻ ഇക്കാര്യം വ്യക്തമാക്കിയത്. കുട്ടി മാന്യമല്ലാതെ ക്ലാസ്സിൽ ഇരിക്കുന്നത് കണ്ടപ്പോൾ, കർത്തവ്യനിരതയായ അദ്ധ്യാപിക അച്ചടക്കം നിലനിർത്താൻ ശ്രമിച്ചതാണ് ഇവിടെ കേസിന് കാരണമായതെന്ന് കോടതി ചൂണ്ടിക്കാട്ടി. അദ്ധ്യാപികയെ അസഭ്യം വിളിച്ചുകൊണ്ട് കുട്ടി പ്രതികരിച്ചതുകൊണ്ടാണ് അദ്ധ്യാപിക കുട്ടിയെ അടിച്ചത്.

കോടതികളെല്ലാം ഇപ്രകാരമുള്ള വിധി പുറപ്പെടുവിക്കാൻ തുടങ്ങിയാൽ മാത്രമേ നമ്മുടെ നാട് നന്നാവുകയുള്ളൂ. കുട്ടികളെ കെട്ടഴിച്ചുംവിധമുള്ള നിയമങ്ങൾ മെനഞ്ഞെടുത്ത് നമ്മുടെ നാടിന്റെ വരുംതലമുറകളെ നശിപ്പിക്കുന്നവർ ചിന്തിക്കട്ടെ. ഇതുപോലെയുള്ള വിധികൾ തല തെറിച്ചവരുടെ മണ്ടയ്ക്കുള്ള കൊട്ട് തന്നെയാണ്.

# ഓരോരോ ജന്മങ്ങള്!

-എംവിഎസ്-

18

## കർത്താവിന്റെ ശബ്ദം റെക്കോർഡ് ചെയ്തപ്പോൾ!

ഒടുവിൽ അതും സംഭവിച്ചു. കർത്താവിന്റെ ശബ്ദം ഫോണിൽ റെക്കോർഡ് ചെയ്തു! പാസ്റ്റർ ടിനു ജോർജ്ജിനാണ് ഈ സൗഭാഗ്യം ഉണ്ടായത്. അദ്ദേഹം പറയുന്നത് കേൾക്കുക:

*കർത്താവ് എന്റെ മുറിയിൽ വന്ന് എന്നോട് സംസാരിച്ചു. ഞാനത് റെക്കോർഡ് ചെയ്തു. ഞാൻ അത് നിങ്ങളുടെ മുമ്പാകെ പ്ലേ ചെയ്യാൻ പോവുകയാണ്.*

ഇത്രയും കേട്ടപ്പോഴേക്കും ജനത്തിന് ആകാംക്ഷ. പാസ്റ്റർ അത് പ്ലേ ചെയ്യാൻ പോവുകയാണ്. കർത്താവിന്റെ ശബ്ദം കേൾക്കാൻ ആളുകൾക്ക് കാതോർത്തുനിൽക്കുന്നു. ആകാംക്ഷയുടെ മുൾമുനയിൽ നിൽക്കുന്ന സദസ്സിന്റെ മുമ്പാകെ പാസ്റ്റർ ഇതാ അത് കേൾപ്പിക്കുന്നു.

*ചർച്ചിന്റെ തിന്മ എന്തുണ്ടെന്ന് നോക്കി നടക്കുന്ന നിന്നോട് കർത്താവ് പറയുന്നു: ചർച്ചിന്റെ കുറ്റം എന്തുണ്ട്, സഭയുടെ തിന്മ എന്തുണ്ട് എന്നു നോക്കി നടക്കുന്ന നിന്നോട് ദൈവം പറയുന്നു. നിന്റെ വീട്ടിൽനിന്നും നിന്റെ തലമുറയിൽനിന്നും തിന്മ മാറുകയില്ല*

ഏതാണ്ട് പഴയ നാടകങ്ങളിൽ അനൗൺസ് ചെയ്യുന്ന പോലെ, എയറ് പിടിച്ച് പറയുന്നപോലെയുള്ള ശബ്ദമായിരുന്നു കർത്താവിന്റേത്. കർത്താവ് മലയാളത്തിൽ സംസാരിച്ചു! സംസാരത്തിനിടയ്ക്ക് കർത്താവ് പുട്ടിന് പീര ഇടുന്ന പോലെ അന്യഭാഷ പറഞ്ഞില്ല. കർത്താവിന്റെ ശബ്ദം കേട്ട്, ആനന്ദസാഗരത്തിൽ മുങ്ങിത്താണ വിശ്വാസികൾ മതിമറന്ന് കയ്യടിച്ചു.

അല്ലയോ, കയ്യടിച്ച ഭക്തന്മാരേ, നിങ്ങൾ തിന്നുന്നത് ചോറ് തന്നെയല്ലേ? നാണവും മാനവും ഇല്ലാത്ത ചിലർ കാട്ടിക്കൂട്ടുന്ന തെമ്മാടിത്തരങ്ങൾ കണ്ടും കേട്ടും പുളകം കൊള്ളാനും കയ്യടിക്കാനും നടക്കുന്ന നിങ്ങൾ നിങ്ങളുടെ തല സ്കാൻ ചെയ്ത് നോക്കുന്നത് നല്ലതാണ്. തലയ്ക്കുള്ളിലുള്ള സാധനം അവിടെത്തന്നെയുണ്ടോ എന്ന് ഉറപ്പുവരുത്തുന്നത് നല്ലതാണ്.

അത്ഭുതരോഗശാന്തിയുടെയും സമൃദ്ധിസുവിശേഷത്തിന്റെയും ആശാനായ തങ്കുബ്രദറിന്റെ മോൻ പരിശുദ്ധാത്മാവിന്റെ നിർബന്ധം നിമിത്തം മാന്യമായി വസ്ത്രം പോലും ധരിക്കാൻ സാവകാശം ലഭിക്കാതെ വീട്ടിലെ

നിക്കർവേഷത്തിൽ സ്റ്റേജിൽ വന്ന് ആത്മാവിൽ ആറാടിയതും മൊബൈൽഫോൺ പൊക്കിപ്പിടിക്കുന്നവർക്കെല്ലാം ഒന്നരക്കോടിയുടെ ഫണ്ട് റിലീസ് ചെയ്യാൻ പോകുന്നു എന്നും പറഞ്ഞ് സ്വയം കോമാളിവേഷം കെട്ടിയാടിയതും കേരളജനത മറന്നിട്ടില്ല. അന്ന് സോഷ്യൽ മീഡിയായിൽ, ജാതിമതവ്യത്യാസമില്ലാതെ സർവ്വരും ട്രോളുകളെക്കൊണ്ടും കമന്റുകൾകൊണ്ടും പൊങ്കാലയിട്ടത് ഈ ടിനുപാസ്റ്റർ മറന്നുപോയോ?

നാണക്കേടിന്റെ കയത്തിൽ മുങ്ങിത്താഴുന്നുവെന്ന് തോന്നിയപ്പോൾ സാക്ഷാൽ തങ്കുബ്രദർ തന്നെ വിശദീകരണവുമായി അന്ന് വീഡിയോ ഇട്ടിരുന്നു. ഐസിഐസിഐ ബാങ്കിൽനിന്ന് ഒന്നരക്കോടിയുടെ ലോൺ ഒരു ഭക്തന് പാസ്സാവുകയും അത് അയാളുടെ അക്കൗണ്ടിൽ എത്തുകയും ചെയ്ത കാര്യമാണ് തന്റെ മകൻ അവിടെ പറഞ്ഞത് എന്ന് അദ്ദേഹം വിശദീകരിച്ചു. തങ്കുബ്രദർ അപ്പറഞ്ഞത് കുഴിബോംബ് നുണയാണെന്ന് ആ വീഡിയോ കാണുന്ന എല്ലാവർക്കും വ്യക്തമാകും. മൊബൈൽ ഉയർത്തിപ്പിടിക്കുന്ന എല്ലാവരുടെയും അക്കൗണ്ടിലേക്ക് ഒന്നരക്കോടി എത്തും എന്നു തന്നെയാണ് പുന്നാരമോൻ അവിടെ വച്ചുകാച്ചിയത്. തങ്കുവും മകനും ഇന്നും പൂർവ്വാധികം ശക്തിയായി ശുശ്രൂഷകൾ ചെയ്യുന്നുണ്ടെന്ന കാര്യം അത്ഭുതം തന്നെ!

ഒരു ബാങ്കും ഒന്നരക്കോടി ഒരുമിച്ച് ഒരാളുടെ അക്കൗണ്ടിലേക്ക് ഇട്ടുതരില്ല എന്നു ആളുകൾ വാദിച്ചുവെങ്കിലും, തലയിൽ ചകിരിച്ചോറുള്ള കുറെ ആളുകൾ കൂടെയുണ്ടായാൽ ഏതു അപ്പനും മോനും ഇതുപോലെ വിലസാൻ കഴിയും. കോടികൾ സമ്പാദിക്കാൻ കഴിയും. അന്യരുടെ വിയർപ്പിന്റെ ഫലം സ്വന്തം പോക്കറ്റിലേക്ക് അനായാസം എത്തിക്കാനുള്ള ഇവരുടെ കഴിവിന്റെ മുമ്പിൽ നമിച്ചുപോകുന്നു. ഗംഭീരം! അപാരം! തൊലിക്കട്ടിയുടെ കാര്യം പറയുകയേ വേണ്ട!

ഇപ്പോഴിതാ കർത്താവ് തന്നോടു പറഞ്ഞത് ടിനുപാസ്റ്റർ റെക്കോർഡ് ചെയ്തിരിക്കുന്നു! കർത്താവ് മലയാളത്തിൽ സംസാരിച്ചിരിക്കുന്നു! പക്ഷേ കൂട്ടത്തിൽ നമ്മുടെ കർത്താവ് ചർച്ച് എന്ന ഇംഗ്ലീഷ്പദം പറയുന്നുണ്ട്. മാത്രമല്ല 'കർത്താവ് പറയുന്നു', 'ദൈവം പറയുന്നു' എന്നൊക്കെ കർത്താവ് പറയുന്നുണ്ട്. അത് എനിക്കങ്ങോട്ട് ദഹിച്ചില്ല. കാരണം കർത്താവ് പറയുമ്പോൾ, 'ഞാൻ പറയുന്നു' എന്നല്ലേ പറയേണ്ടത്? എന്താ ടിനുപാസ്റ്ററേ, ഇത്? കാര്യങ്ങൾ ചെയ്യുമ്പോൾ കുറച്ചുംകൂടി പെർഫെക്ഷനിൽ ചെയ്യണ്ടേ?

എന്റെ ടിനുപാസ്റ്ററേ, ഈ തട്ടിപ്പെല്ലാം ഉപേക്ഷിച്ച് താങ്കൾക്ക് വല്ല പണിയെടുത്തും ജീവിച്ചുകൂടെ? അതിനു തയ്യാറല്ലെങ്കിൽ താങ്കളുടെ വീര്യപ്രവൃത്തികൾ വീഡിയോ എടുത്ത് സമൂഹമദ്ധ്യേ പങ്കുവയ്ക്കുന്നതെങ്കിലും നിർത്തൂ. മനുഷ്യന് പുറത്തിറങ്ങി നടക്കാൻ പറ്റുന്നില്ല. ദൈവനാമം നാറ്റിക്കാൻ നടക്കുന്നു! ഓരോരോ ജന്മങ്ങള്..!

## www.reallifevoice.in

**എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism:
    How Was It Taught and Practiced in the First Century?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th December 2024

Posted at
Thrissur RMS

**ആനുകാലികം**

## ആനകളും മൂന്നുമീറ്റർ അകലവും!

എഴുന്നള്ളിക്കുമ്പോൾ ആനകൾ തമ്മിൽ മൂന്നു മീറ്റർ അകലം വേണമെന്ന നിർദ്ദേശത്തിൽ ഇളവ് നൽകാനാവില്ലെന്നു ഹൈക്കോടതി വ്യക്തമാക്കി. ആനകളുടെ ചുറ്റും മൂന്നു മീറ്റർ അകലം വേണം. ആനകൾ ഞെരുങ്ങിനിൽക്കാൻ ഇടവരരുത്. (29 നവംബർ 2024 ലെ പത്രവാർത്തയിൽ നിന്ന്)

ഉത്സവപ്പറമ്പിൽ ആന ഇടഞ്ഞ് നാശനഷ്ടങ്ങൾ വരുത്തുന്നത് എത്ര കണ്ടാലും പിന്നെയും ആനപ്രേമികൾക്ക് ബുദ്ധി ഉദിക്കുന്നില്ലെന്നുള്ളതാണ് നമ്മെ ആശ്ചര്യപ്പെടുത്തുന്നത്. ആനപ്പിണ്ടത്തിന്റെ മണം നല്ല സുഗന്ധമായി ആസ്വദിക്കുന്ന ഇക്കൂട്ടരെക്കുറിച്ച് എന്തു പറയാൻ! കലിയിളകിയാൽ പിന്നെ പാപ്പാനേയും തോട്ടിക്കോലിനേയും വലിച്ചെറിഞ്ഞ്, ജനമദ്ധ്യേ ഭീതിപരത്തി, വസ്തുവകകളെ നശിപ്പിച്ച്, ആളുകളെ പനമ്പട്ടപോലെ കീറിയെറിഞ്ഞും ചവിട്ടിത്തേച്ചും സംഹാരതാണ്ഡവമാടുന്ന ആനകളെ കൂട്ടമായി പൊതുസ്ഥലത്ത് എഴുന്നള്ളിക്കുന്ന പരിപാടി ആര് തുടങ്ങിയതാണാവോ?

ഏതായാലും കോടതി ഞെട്ടിക്കുന്ന ഒരു സത്യം പറഞ്ഞു. എന്താണെന്നോ? “ആനകളെ എഴുന്നള്ളിക്കുന്നത് അനിവാര്യമായ മതാചാരമല്ല!” കേട്ടില്ലേ? ആനകളെ എഴുന്നള്ളിച്ചുകൊണ്ടു മാത്രമേ പൂരങ്ങളും പെരുന്നാളുകളും നടത്താവൂ എന്ന് ഒരു മതഗ്രന്ഥത്തിലും പറഞ്ഞിട്ടില്ലെന്ന്! ഒരു തമ്പുരാനും പറഞ്ഞിട്ടില്ലെന്ന്! (അല്ലെങ്കിൽത്തന്നെ ഏതെങ്കിലും മതഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണോ ആളുകൾ പലപ്പോഴും ചെയ്തുകൂട്ടുന്നത്?)

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V